**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലോട് കേന്ദ്രീകരിച്ച് ട്രൈബൽ എംപ്ലോയ് മെന്റ് എക്സ്ചേഞ്ച് കം കരിയർ ഡെവലപ് മെന്റ് സെന്റർ പ്രവർത്തനത്തിനായി എടുത്തിട്ടുള്ള കെട്ടിടത്തിന്റെ വാടക പെരിങ്ങമല ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

---

**സ.ഉ.(സാധാ) നം.435/2020/ത.സ്വ.ഭ.വ** തിരുവനന്തപുരം, തീയതി,
**20/02/2020**

---

പരാമർശം:- 1. പെരിങ്ങമല ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 15.9.2018ലെ എ2-3378/18 നമ്പർ കത്ത്.

2.പെരിങ്ങമല ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച 22/05/2019 ലെ സാക്ഷ്യപത്രം.

3. പഞ്ചായത്ത് ഡയറക്ടറുടെ 01.09.2019 ലെ PAN/24371/2018/G1(DP) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമല ഗ്രാമ പഞ്ചായത്തിലെ പാലോട് കേന്ദ്രീകരിച്ച ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കം കരിയർ ഡെവലപ് മെന്റ് സെന്റർ പ്രവർത്തനം ആരംഭിക്കുന്നതിന് നാഷണൽ എംപ്ലോയ് മെന്റ് സർവ്വീസ് വകുപ്പിന് സർക്കാർ അനുമതി ലഭിച്ചിട്ടുണ്ടെന്നും, ടി സെന്റർ പ്രവർത്തിക്കുന്നതിന് ഭൂമി കൈമാറ്റം നടത്തി കെട്ടിടനിർമ്മാണം പൂർത്തീകരിച്ച് സ്ഥാപനം ആരംഭിക്കുന്നതിന് കാലതാമസം നേരിടുമെന്നതിനാൽ ശ്രീ നൗഷാദ് എം പരുത്തിവിള വീട്, പാപ്പനംകോട്,പനങ്ങോട് പി.ഒ എന്നയാളിന്റെ ഉടമസ്ഥതയിലുള്ള പി/പി 14/56/ബി.നമ്പർ കെട്ടിടം വാടകയ്ക്ക് എടുക്കുന്നതിന് തീരുമാനമായിട്ടുണ്ടെന്നും കെട്ടിടത്തിന് പൊതുമരാമത്ത് കെട്ടിട വിഭാഗം അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ നിശ്ചയിച്ചിട്ടുള്ള വാടക തുക 8,935/- രൂപ 01/10/2018 മുതൽ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിനുള്ള അനുമതി നൽ കണമെന്നും പെരിങ്ങമല ഗ്രാമ പഞ്ചായത്ത് സെക്രട്ടറി പരാമർശം (1) കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു . കെട്ടിടത്തിന്റെ വാടക നല്കുന്നതിന് ഗ്രാമപഞ്ചായത്തിന് കഴിയുമെന്ന് പരാമർശം (2) പ്രകാരം സാക്ഷ്യപത്രം സമർപ്പിച്ചിട്ടുമുണ്ട്. ടി നിർദ്ദേശം പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം ശിപാർശ ചെയ്തിട്ടുള്ളതുമാണ്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലോട് കേന്ദ്രീകരിച്ച് ട്രൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കം കരിയർ ഡെവലപ് മെന്റ് സെന്റർ പ്രവർത്തനത്തിനായി വാടകയ്ക്കെടുത്തിട്ടുള്ള, ശ്രീ നൗഷാദ് എം, പരുത്തിവിള വീട്,പാപ്പനംകോട്, പനങ്ങോട് പി.ഒ. എന്നയാളിന്റെ ഉടമസ്ഥതയിലുള്ള പി/പി 14/56/ബി.നംമ്പർ കെട്ടിടത്തിന്, പൊതുമരാമത്ത് കെട്ടിട വിഭാഗം അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ നിശ്ചയിച്ചിട്ടുള്ള 8,935/- രൂപ(എണ്ണായിരത്തി തൊള്ളായിരത്തി മുപ്പത്തിയഞ്ച് രൂപ) നിരക്കിൽ 1/10/2018 മുതലുള്ള വാടക പെരിങ്ങമല ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

സെക്രട്ടറി, പെരിങ്ങമല ഗ്രാമ പഞ്ചായത്ത്.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം .

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Validity unknown

Digitally signed by SMITHA B CHANDRA
Date: 2020.02.24 10:57:44 IST
Reason: Approved

സെക്ഷൻ ഓഫീസർ